ENTRI

1 Crore User Downloads

# CURRENT AFFAIRS 29 JULY 2024



### അന്താരാഷ്ട്ര കടുവാ ദിനം

**ജൂലൈ 29**

- കടുവകളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായാണ് ഈ ദിനം ആചരിക്കുന്നത്.
- 2010-ൽ റഷ്യയിൽ നടന്ന സെന്റ് പീറ്റേഴ്സ്ബർഗ് ഉച്ചകോടിയിലാണ് അന്താരാഷ്ട്ര കടുവാ ദിനം സ്ഥാപിതമായത്.

---

### 2024 പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് വേണ്ടി ആദ്യ മെഡൽ സ്വന്തമാക്കിയത്

**മനു ഭാക്കർ**

- 10 മീറ്റർ എയർ പിസ്റ്റളിൽ വെങ്കല മെഡലാണ് ഇന്ത്യൻ താരം സ്വന്തമാക്കിയാണ്.
- ഒളിമ്പിക്സിൽ ഷൂട്ടിങ്ങിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതയെന്ന ചരിത്രനേട്ടവും മനു ഭാക്കർ സ്വന്തമാക്കി.



മനു ഭാക്കർ

---

### ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയുടെ (IFFI) 55 , 56 പതിപ്പുകളുടെ ഫെസ്റ്റിവൽ ഡയറക്ടറായി നിയമിതനായത്

**ശേഖർ കപൂർ**



ശേഖർ കപൂർ

---

### 2024 ജൂലൈയിൽ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ 'മയ്ദം' ശവകുടീരങ്ങൾ സ്ഥിതി ചെയ്യുന്ന സംസ്ഥാനം

**അസം**

- അസമിലെ അഹോം രാജവംശത്തിന്റെ പ്രത്യേകതരം ശവകുടീരങ്ങളാണ് മയ്ദം.
- വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽനിന്ന് യുനെസ്കോയുടെ സംസ്കാരിക വിഭാഗത്തിൽ ഉൾപ്പെടുത്തിയ ആദ്യ സ്ഥലമാണ് 'മയ്ദം' ശവകുടീരങ്ങൾ.



---

### കുടുംബശ്രീയും മെഡിക്കോൺ-മെഡിക്കൽ സ്റ്റുഡന്റ്സ് കളക്ടീവ് ഓഫ് കേരള ശാസ്ത്ര സാഹിത്യ പരിഷത്തും സംയുക്തമായി സംഘടിപ്പിക്കുന്ന ക്യാൻസർ ബോധവൽക്കരണ ക്യാമ്പയിൻ

**ശ്രദ്ധ**

---

### മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ സംസ്ഥാനത്തെ ആദ്യത്തെ സൂ-സഫാരി പാർക്ക് നിലവിൽ വരുന്നത്

**തളിപ്പറമ്പ് , കണ്ണൂർ**

